# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ: ടി.ടി.ആന്റണി.ഐ.എ.എസ്)

നമ്പർ.എ6/6911/10(2).

തൈക്കാട്, തിരുവനന്തപുരം-14,
തിയതി: 24.03.2011.

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം പ്രിൻസിപ്പാൾ ക്ലാസ്സ്-2/വൈസ് പ്രിൻസിപ്പാൾ/ ട്രെയിനിംഗ് ഓഫീസർ/ട്രേഡ് ടെസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥലം മാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു -

പരാമർശം:- 09.03.2011-ലെ 637/സി1/11/തൊഴിൽ നമ്പർ കത്ത്.

വ്യാവസായിക പരിശീലന വകുപ്പിൽ പ്രിൻസിപ്പാൾ ക്ലാസ്സ്-2/വൈസ് പ്രിൻസിപ്പാൾ/ട്രെയിനിംഗ് ഓഫീസർ/ട്രേഡ് ടെസ്റ്റ് ഓഫീസർ തസ്തികയിൽ 2010-ൽ ഉണ്ടായിരുന്ന ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള ഡി.പി.സി. യോഗം 22.02.2011 ന് ചേരുകയും, ഉദ്യോഗക്കയറ്റം നൽകുന്നതിന് യോഗ്യരായ 7 ഉദ്യോഗസ്ഥരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു. ടി സെലക്ട് ലിസ്റ്റിന് കെ.എസ് & എസ്.എസ്.ആർ റൂൾ 28(ബി)(1)(8)(എ) പ്രകാരം ഉള്ള സർക്കാർ അംഗീകാരം ഒന്നാം പരാമർശ പ്രകാരം ലഭ്യമാകുകയുണ്ടായി.

പ്രിൻസിപ്പാൾ ക്ലാസ്സ്-2/വൈസ് പ്രിൻസിപ്പാൾ/ ട്രെയിനിംഗ് ഓഫീസർ/ട്രേഡ് ടെസ്റ്റ് ഓഫീസർ തസ്തികയിൽ ഇപ്പോൾ നിലവിലുള്ള ഒഴിവുകളുടെ വിവരം ചുവടെ ചെർക്കുന്നു.

| | | |
|---|---|---|
| 1. | ഐ.ടി.ഐ. കഴക്കൂട്ടം | തിരുവനന്തപുരം |
| 2. | ഐ.ടി.ഐ. ചാത്തന്നൂർ | കൊല്ലം |
| 3. | ഐ.ടി.ഐ. വയലാർ | ആലപ്പുഴ |
| 4. | ഐ.ടി.ഐ.(വ) ചെങ്ങന്നൂർ | ആലപ്പുഴ |
| 5. | ഐ.ടി.ഐ. (വ) കളമശ്ശേരി | എറണാകുളം |
| 6. | ഐ.ടി.ഐ. വേങ്ങൂർ | എറണാകുളം |
| 7. | ഐ.ടി.ഐ. ചാലക്കുടി | തൃശൂർ |
| 8. | ഐ.ടി.ഐ. മാള | തൃശൂർ |
| 9. | ഐ.ടി.ഐ. ചേർപ്പ് | തൃശൂർ |
| 10. | ഐ.ടി.ഐ. കൊല്ലങ്കോട് | പാലക്കാട് |
| 11. | ഐ.ടി.ഐ. മണിയൂർ | കോഴിക്കോട് |
| 12. | ഐ.ടി.ഐ. വടകര | കോഴിക്കോട് |
| 13. | ഐ.ടി.ഐ. പെരിങ്ങോം വയക്കര | കണ്ണൂർ |

| | | |
|---|---|---|
| 14. | ഐ.ടി.ഐ. കാസർഗോഡ് | കാസർഗോഡ് |
| 15. | ഐ.ടി.ഐ. സീതാംഗോളി | കാസർഗോഡ് |
| 16. | ഐ.ടി.ഐ. റാന്നി | പത്തനംതിട്ട |

ഇതിനു പുറമെ 2011 മാർച്ച് 31 ന് താഴെ പറയുന്ന ജീവനക്കാർ സേവനത്തിൽ നിന്നും വിരമിക്കുന്നതിനാൽ, പേരിനു നേരെ കാണിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ കൂടി ഒഴിവുകൾ നിലവിൽ വരുന്നുണ്ട്.

| | |
|---|---|
| ശ്രീ. കെ.ശങ്കര നാരായണ പിള്ള, | ഐ.ടി.ഐ. ചാക്ക |
| ശ്രീ. എസ്.മോഹന ചന്ദ്രൻ നായർ, | ഐ.ടി.ഐ. (വ) കൊല്ലം |
| ശ്രീ. കെ.ജി. രാധാകൃഷ്ണ പിള്ള, | ഐ.ടി.ഐ. ചെന്നീർക്കര |
| ശ്രീ. വി.വി. രാജു | ഐ.ടി.ഐ. തിരുവാർപ്പ്. |
| ശ്രീ. പി.ബി.ജോഷി, | ഐ.ടി.ഐ. (വ) മലമ്പുഴ. |
| ശ്രീ. പി.എം.വർഗ്ഗീസ്, | ഐ.ടി.ഐ. (വ) നെന്മേനി |
| ശ്രീ. എം.റ്റി.രാജീവൻ, | ഐ.ടി.ഐ. മാടായി |
| ശ്രീമതി. പി.വി.സരസ്വതി, | ആർ.ഐ.സെന്റർ തൃശൂർ. |

ധനുവച്ചപുരം ഐ.ടി.ഐ. വൈസ് പ്രിൻസിപ്പാളായ ശ്രീ. ജി.സുഭാഷിനെ 26.09.2010 ലെ ജി.ഒ.(ആർ.റ്റി) നം.138/2010/ഐ.ടി.ഡി. പ്രകാരം പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമാ ഇൻ ഇ-ഗവേൺനസ് എന്ന കോഴ്സിൽ ട്രെയിനിംഗിനായി നിയോഗിക്കുകയുണ്ടായി. ടിയാനെ 14.07.2010-ൽ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി വിടുതൽ ചെയ്യുകയുണ്ടായി. 14.09.2009-ലെ സ.ഉ.(കൈ).നം.23/2009/ഐ.റ്റി.ഡി പ്രകാരം ടി കാലഘട്ടം റൂൾ 12(7)**(iii) Part-I KSR** പ്രകാരം ഡ്യൂട്ടിയായി പരിഗണിക്കേണ്ടതിനാൽ ടി തസ്തികയിൽ പകരം നിയമനം നടത്തിയിട്ടില്ല. എന്നാൽ ടി സ്ഥാപനത്തിൽ പ്രിൻസിപ്പാൾ ക്ലാസ്സ്-1 തസ്തികയിൽ സേവനത്തിൽ തുടരുന്ന ശ്രീ. എ.എൻ.രാമചന്ദ്രൻ നായർ 31.03.2011-ൽ സേവനത്തിൽ നിന്നും വിരമിക്കുന്നതിനാൽ, ധനുവച്ചപുരം ഐ.ടി.ഐ.യിൽ വൈസ് പ്രിൻസിപ്പാളിന്റെ പൂർണ്ണ പ്രവർത്തനം ലഭിക്കുന്നതിനായി ഒരു ഉദ്യോഗസ്ഥനെ അടിയന്തിരമായി ടി സ്ഥാപനത്തിൽ നിയമിക്കേണ്ടതുണ്ട്. ഇതിനായി ടി സ്ഥാപനത്തിലെ വൈസ് പ്രിൻസിപ്പാൾ ആയ ഇപ്പോൾ ട്രെയിനിംഗിൽ തുടരുന്ന ശ്രീ. സുഭാഷിന്റെ ലാവണം കൊല്ലം (വ) ഐ.ടി.ഐ.യിലെ ശ്രീ. മോഹന ചന്ദ്രൻ നായർ മാർച്ച് 31 ന് വിരമിക്കുന്ന ഒഴിവിലേയ്ക്ക് മാറ്റി നിയമിച്ചുത്തരവാകുന്നു. ഈ നിയമനത്തിന് ഇലക്ഷൻ കമ്മീഷനിൽ നിന്നുള്ള ചട്ടപ്രകാരമുള്ള അനുമതി ലഭ്യമാക്കുന്നതിന് എഴുതിയിട്ടുണ്ട്.

സർക്കാർ അംഗീകരിച്ച സെലക്ട് ലിസ്റ്റിൽപ്പെട്ട ഗ്രൂപ്പ് ഇൻസ്ട്രക്ടർ/ജൂനിയർ അപ്രന്റീസ്ഷിപ്പ് അഡൈ്വസർ.(ടെക്)/ടെക്നിക്കൽ അസിസ്റ്റന്റ്മാർക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് മുന്നോടിയായി 10.09.2004-ലെ 12/04/പി&എ.ആർ.ഡി. നമ്പർ സർക്കാർ ഉത്തരവിലെ 19-ാം ഖണ്ഡികയിലെ വ്യവസ്ഥ പ്രകാരം നിലവിലുള്ള ഒഴിവുകളി

ലേയ്ക്ക് സ്ഥലം മാറ്റം നൽകേണ്ടതുണ്ടെങ്കിലും, 2011–ലെ നിയമസഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയും മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വരികയും ചെയ്ത സാഹചര്യത്തിൽ സ്ഥലം മാറ്റങ്ങൾ അനുവദിക്കുവാൻ നിർവ്വാഹമില്ല. മാതൃകാ പെരുമാറ്റച്ചട്ടത്തിന്റെ പ്രാബല്യം ഇല്ലാതാകുന്ന മുറയ്ക്ക് പൊതുസ്ഥലം മാറ്റത്തിനായി ലഭിച്ച അപേക്ഷകൾ പരിഗണിക്കുകയും ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന ജീവനക്കാരെ അർഹതയുടെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റേണ്ടതുണ്ടെങ്കിൽ, പ്രോജക്ട് ഐ.ടി.ഐ.യിലാണ് നിയമനം നൽകുന്നതെങ്കിൽ പോലും, അപ്രകാരം ചെയ്യുകയും ചെയ്യുന്നതാണ് എന്ന നിബന്ധനയിൽ, ഇപ്പോൾ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് തീരുമാനിക്കുന്നു.

മേൽ പരാമർശത്തിലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രൂപ്പ് ഇൻസ്ട്രക്ടർ/ജൂനിയർ അപ്രന്റീസ്ഷിപ്പ് അഡ്വൈസർ (ടെക്.)/ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലെ താഴെ പറയുന്ന ഉദ്യോഗസ്ഥരെ കെ.എസ് & എസ്.എസ്ആർ. ചട്ടത്തിലെ റൂൾ 28(ബി) പ്രകാരം തസ്തിക മാറ്റം മുഖേന 12930–20250 (പേ റിവിഷന് മുമ്പ്) രൂപ ശമ്പള നിരക്കിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | സെലക്ട് ലിസ്റ്റിലെ റാങ്ക് നം. | പേര് | ജനനത്തീയതി |
|---|---|---|---|
| 1. | 1 | ശശിധരൻ.കെ.എം | 20.05.1960 |
| 2. | 2 | അബ്ദുൾ ലത്തീഫ്.പി | 21.02.1966 |
| 3. | 3 | കെ.ജി.ജീന | 24.01.1967 |
| 4. | 4 | സുധാശങ്കർ | 15.12.1970 |
| 5. | 5 | ആബിദ.കെ.എ | 15.02.1966 |
| 6. | 6 | കെ.ജി.വിശ്വനാഥൻ ആചാരി | 26.05.1959 |
| 7. | 7 | ആർ.രവീന്ദ്രൻ | 01.06.1956 |

ടി ഉദ്യോഗസ്ഥരെ താഴെ പട്ടികയിൽ വിവരിക്കും വിധം അവരുടെ പേരിനു നേരെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമിച്ചുത്തരവാകുന്നു.

| ക്രമ നം | ഉദ്യോഗസ്ഥന്റെ പേരും തസ്തികയും | ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1. | ശശിധരൻ.കെ.എം | ഐ.ടി.ഐ. കൊയിലാണ്ടി | ഐ.ടി.ഐ. വടകര |
| 2. | അബ്ദുൾ ലത്തീഫ്.പി | ഐ.ടി.ഐ.പുഴക്കാട്ടിരി | ഐ.ടി.ഐ. നെന്മേനി |
| 3. | കെ.ജി.ജീന | ഐ.ടി.ഐ. എറിയാട് | ഐ.ടി.ഐ. മാള |
| 4. | സുധാശങ്കർ | ഐ.ടി.ഐ. ആര്യനാട് | ഐ.ടി.ഐ. ധനുവച്ചപുരം |
| 5. | ആബിദ.കെ.എ | ഐ.ടി.ഐ. കളമശ്ശേരി | ഐ.ടി.ഐ. വേങ്ങര |
| 6. | കെ.ജി.വിശ്വനാഥൻ ആചാരി | ഐ.ടി.ഐ. ചെന്നീർക്കര | ഐ.ടി.ഐ. (വ) മലമ്പുഴ |
| 7. | ആർ.രവീന്ദ്രൻ | ട്രെയിനിംഗ് ഡയറക്ടറേറ്റ് | ഐ.ടി.ഐ. ചാക്ക |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിൽ നിന്ന് അവരെ തിരഞ്ഞെടുപ്പ് ജോലികൾക്ക് നിയോഗിച്ചിട്ടുണ്ടെങ്കിൽ ടി ചുമതല യഥാവിധി നിർവ്വഹിക്കുന്നതാണ് എന്ന സത്യവാങ്മൂലം, വാങ്ങിയശേഷം മാത്രമേ സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്യാവൂ. ടി സത്യവാങ്മൂലം രണ്ട് സാക്ഷികളുടെ സാന്നിധ്യത്തിൽ ഒപ്പിട്ടു വാങ്ങേണ്ടതാണ്. ടി സത്യവാങ്മൂലത്തിന്റെ കാര്യാലയ മേധാവി സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഈ ഓഫീസിലേയ്ക്ക് അയച്ചു തരേണ്ടതാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് നിയമാനുസൃതമുള്ള യാത്രാബത്തയ്ക്കും, ജോലിയിൽ പ്രവേശിക്കുന്നതിനുള്ള കാലയളവിനും, മറ്റ് ആനുകൂല്യങ്ങൾക്കും ടി നിബന്ധനയ്ക്ക് വിധേയമായി അർഹതയുണ്ടായിരിക്കുന്നതാണ്.

ടി ജീവനക്കാർ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ചാർജ്ജ് ഏറ്റെടുത്ത് ചാർജ്ജ് റിപ്പോർട്ടുകൾ യഥാസമയം ഈ കാര്യാലയത്തിലേയ്ക്കയയ്ക്കേണ്ടതാണ്. ടി ഉദ്യോഗസ്ഥർ 25.03.66 ലെ സ.ഉ.(പി) നമ്പർ.145/06/ഫിൻ അനുസരിച്ചുള്ള ഓപ്ഷൻ സേവനത്തിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ നൽകിയിരിക്കേണ്ടതാണ്.

ഒപ്പ്
ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്:-

1. ഉദ്യോഗക്കയറ്റം ലഭിച്ച എല്ലാ ഉദ്യോഗസ്ഥർക്കും.
2. ശ്രീ. ജി.സുഭാഷ്, വൈസ് പ്രിൻസിപ്പാൾ, ഐ.ടി.ഐ. ധനുവച്ച പുരം.

പകർപ്പ്:-

1. ചീഫ് ഇലക്ടറൽ ഓഫീസർ.
2. ബന്ധപ്പെട്ട എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും.
3. അക്കൗണ്ടന്റ് ജനറൽ(എ&ഇ) ഓഡിറ്റ്.
4. ഡി.റ്റി.യുടെ സി.എ.
5. ട്രെയിനിംഗ് ഡയറക്ടറേറ്റിലെ എല്ലാ യൂണിറ്റ് ഫാഫീസർമാർക്കും.
6. എസ്.എസ് (എ).
7. കരുതൽ ഫയൽ

//ഉത്തരവിൻ് പ്രകാരം//

സീനിയർ സുപ്രണ്ട്

ഡി/26.03.

2